ഉത്തരം

(എ) തസ്തികകളുടെ ലഭ്യതയനുസരിച്ച് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഫുൾടൈം പോസ്റ്റിലേക്ക് പ്രമോഷൻ നൽകാൻ വ്യവസ്ഥയുണ്ട്.

(ബി) അഞ്ചുവർഷം പാർട്ട്ടൈം സർവീസും ആഴ്ചയിൽ 8 പീരിയഡും ഉണ്ടെങ്കിൽ ഫുൾടൈം ആനുകൂല്യം അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

(സി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഇപ്പോൾതന്നെ പ്രമോഷൻനൽകി വരുന്നുണ്ട്.

(ഡി) പ്യൂൺ അനുവദനീയമല്ലാത്ത സ്കൂളുകളിൽ ഇതിന് വ്യവസ്ഥയില്ല.

ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന് അപേക്ഷിച്ചവർ

35(435) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതിയിലെ "ഏരിയ ഇന്റൻസീവ് പ്രോഗ്രാം" അനുസരിച്ച് പുതുതായി അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ നിന്നും ഏതെല്ലാം സ്ഥാപനങ്ങളും വ്യക്തികളും അപേക്ഷകൾ ഡി.പി.ഐ.ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ നിന്നും ഇതിനായി അപേക്ഷകൾ ലഭിച്ചിരുന്നുവോ ;

(ഡി) എങ്കിൽ എത്ര അപേക്ഷകൾ മലപ്പുറം ജില്ല വിദ്യാഭ്യാസ അധികൃതർ ഡി. പി. ഐ.ക്ക് സമർപ്പിച്ചിട്ടുണ്ട് ; അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഡി. പി. ഐ യിൽ നിന്നും ഏതെല്ലാം അപേക്ഷകൾ സർക്കാരിലേയ്ക്കു അയച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇവ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അപേക്ഷകൾ ക്ഷണിച്ചിരുന്നു.

(ബി) ഡി.പി.ഐക്കു ലഭിച്ച അപേക്ഷകളുടെ ലിസ്റ്റ് അനത്ര ചേർക്കുന്നു.

(സി) ഏറനാട് ബ്ലോക്കിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലിസ്റ്റ് അന്യത്ര ചേർക്കുന്നു.*

(ഇ) അന്യത്ര ചേർത്തിട്ടുള്ള പട്ടികയിലെ അപേക്ഷകൾ എല്ലാം ഡി.പി. ഐ യിൽ നിന്നും സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്.

(എഫ്) ഇല്ല, ലഭിച്ച അപേക്ഷകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

പുതിയ വിദ്യാലയങ്ങൾ അനുവദിക്കാൻ നടപടി

36(436) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വിദ്യാലയങ്ങൾ അനുവദിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) അഞ്ചു കിലോമീറ്റർ വരെ നടന്ന് ഒന്നാം ക്ളാസ്സിൽ പഠിക്കേണ്ടി വരുന്ന സ്ഥിതി നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വിദ്യാലയങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയവ തുടങ്ങുന്നതിനുമുള്ള വിദ്യാഭ്യാസ ആവശ്യകത പരിശോധിച്ചു വരികയാണ്.

(ബി) ഇല്ല.

(സി) സ്കൂളുകൾ അനുവദിക്കുമ്പോൾ വിദ്യാഭ്യാസ ചട്ടങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ ആവശ്യകതയും പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

വിദ്യാഭ്യാസ വകുപ്പിലെ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർ

37(437) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ എത്ര പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാരുണ്ട് ;

(ബി) ഇവർക്ക് ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ശമ്പള സ്കെയിൽ വ്യക്തമാക്കാമോ ;

(ഡി) ഇവർക്ക് ഇപ്പോൾ വീട്ടുവാടക അലവൻസ് പ്രോവിഡന്റ് ഫണ്ട് മെഡിക്കൽ റീഇംപേഴ്സ്മെന്റ് എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly